# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *494
## 18/05/2017 - ലെ മറുപടിക്ക്

## ജെന്റർ ആൻഡ് ചൈൽഡ് ബജറ്റ്

**ചോദ്യം :**

ശ്രീ.കെ.കെ. രാമചന്ദ്രൻ നായർ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ ഒ. ആർ. കേളു
പ്രൊഫ. കെ.യു. അരുണൻ

**ഉത്തരം :**

ഡോ .റ്റി എം തോമസ് ഐസക്
(ബഹു .ധനകാര്യവും കയറും വകുപ്പ് മന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | വനിതാ അനുഭാവ- ബാല അനുഭാവ ബജറ്റ് ( ജെന്റർ ആൻഡ് ചൈൽഡ് ബജറ്റ് ) എന്നതു വഴി ലക്ഷ്യമാക്കുന്നതെന്തെന്ന് വിശദമാക്കാമോ ; | ദാരിദ്ര്യം, അധ:സ്ഥിതാവസ്ഥ, തൊഴിലില്ലായ്മ എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് വികസനനയങ്ങൾ പ്രധാനമായും ലക്ഷ്യമിടുന്നത് . എന്നാൽ ഇത്തരം പ്രശ്നങ്ങളുടെ രൂക്ഷത ഏറ്റവും അനുഭവിക്കുന്നത് സ്ത്രീകളാണ് എന്ന് വേണ്ടത്ര തിരിച്ചറിഞ്ഞിട്ടില്ല. സർക്കാർ നയങ്ങളിലും സ്ത്രീശാക്തീകരണ പുരോഗതിയിലും തുടർച്ചയായി ഉണ്ടായിട്ടുള്ള പൊരുത്തക്കേടുകൾമൂലം സർക്കാരിന്റെ സാമ്പത്തിക / വികസന നയങ്ങളിൽ സ്ത്രീപക്ഷത്ത് നിന്ന് കൊണ്ടുള്ള ഒരു സൂക്ഷ്മ വിലയിരുത്തലിന് ഇപ്പോൾ പ്രസക്തി കൂടിയിട്ടുണ്ട്. ഇത്തരം നയങ്ങളെ സ്ത്രീ അനു:പൂരകമാക്കി സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം ഉയർത്തുകയെന്നതാണ് വനിതാ അനുഭാവ ബഡ്ജറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് സർക്കാരിന്റെ പ്രത്യേകമായുള്ള ഒരു ബഡ്ജറ്റ് അല്ല . നിലവിലുള്ള സർക്കാർ ബഡ്ജറ്റിനെ സ്ത്രീകൾക്ക് പ്രയോജനപ്രദമാക്കുന്ന രീതിയിൽ വിവിധ മാർഗങ്ങളിലൂടെ പരിഷ്കരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള ഒരു തന്ത്രമാണിത്. പണത്തേക്കാൾ ഉപരി അത് എവിടെ ഉപയോഗിക്കുന്നു എന്നും അത് ലിംഗസമത്വത്തിനും |

| | | |
|---|---|---|
| | | സ്ത്രീ ശാക്തീകരണത്തിനും സഹായകരമാണോ എന്നതുമാണ് പ്രധാനം. വികസന മേഖലകളിൽ ലിംഗസമത്വം ഉൾപ്പെടുത്തുക വഴി സ്ത്രീകൾക്ക് ദോഷകരമായ വിഷയങ്ങൾ അവരുടെ പ്രശ്നങ്ങൾ മാത്രമായി കാണാതെ സമൂഹത്തിൽ സ്ത്രീക്കും പുരുഷനുമുള്ള ഉത്തരവാദിത്വങ്ങളുടെ അടിസ്ഥാനത്തിൽ ലിംഗ അസമത്വങ്ങൾ ഒഴിവാക്കുന്നതിനും സ്ത്രീകളെ പിൻ നിരയിൽ നിന്നും മുൻ നിരയിൽ എത്തിക്കാൻ സഹായിക്കുകയും ചെയ്യുന്ന തരത്തിൽ വിവിധ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.<br><br>അതുപോലെ തന്നെ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും കൗമാര പ്രായത്തിൽ അവർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ശരിയായ ദിശയിൽ അവയെ നയിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനും വിദ്യാഭ്യാസം ശൈശവപരിപാലനം, ഉപജീവനം , കഠിന പരിതഃസ്ഥിതികളിൽ നിന്നുള്ള അവരുടെ സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ ഊന്നൽ നൽകികൊണ്ട് പദ്ധതി രേഖകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയുടെ ശരിയായ വിനിയോഗവും പ്രവർത്തികളുടെ കൃത്യമായ വിലയിരുത്തലുമാണ് ബാല അനുഭാവ ബഡ്ജറ്റിലൂടെ ലക്ഷ്യമിടുന്നത്. ഇതും ഒരു പ്രത്യേകമായുള്ള ബഡ്ജറ്റ് അല്ല. സർക്കാരിന്റെ നിലവിലുള്ള ബഡ്ജറ്റിനെ കുട്ടികൾക്കു പ്രയോജനമാക്കുന്ന രീതിയിൽ വിവിധ മാർഗങ്ങളിലൂടെ പരിഷ്കരിക്കുന്നുണ്ടെന്നു മാത്രമേ ഇതിനർത്ഥമുള്ളു. 18 വയസു വരെ ഉള്ളവരെ സംബന്ധിക്കുന്ന പദ്ധതികളുടെ ഒരു സമാഹരണമാണ് ഇതിലൂടെ നടത്തുന്നത്. ഇതുമൂലം എല്ലാ വകുപ്പുകളിലും ഈ വിഷയത്തിൽ ഒരു അവബോധം സൃഷ്ടിക്കുവാൻ കഴിയുകയും ചെയ്യുന്നു . |
| (ബി) | വനിതാ ശാക്തീകരണത്തിനും ബാലക്ഷേമത്തിനും പ്രത്യേകമായി ആവിഷ്കരിച്ചിട്ടുള്ള മുഖ്യപദ്ധതികൾ ഏതെല്ലാമാണ്; | വനിതാ ശാക്തീകരണത്തിനും ബാലക്ഷേമത്തിനും പ്രത്യേകമായി ആവിഷ്കരിച്ചിട്ടുള്ള മുഖ്യപദ്ധതികൾ താഴെ പറയുന്നവയാണ്. |

| | | |
|---|---|---|
| | | <u>വനിതാശാക്തീകരണം</u><br>• പിങ്ക് പട്രോൾ.<br>• എല്ലാ ജില്ലാ , താലൂക്ക് , വില്ലേജ് തലങ്ങളിലും പ്രാഥമിക ആവശ്യ നിർവഹണത്തിന് ടോയ് ലറ്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ . എല്ലാ താലൂക്ക് ഹോസ്പിറ്റലുകളിലും മറ്റെർണിറ്റി യൂണിറ്റുകൾ.<br>• അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് വൈദ്യസഹായം.<br>• സ്കൂളുകളിൽ ആരോഗ്യ പദ്ധതികൾ.<br>• സ്ത്രീകൾക്കും കുട്ടികൾക്കും ആയുർവേദ ആശുപത്രികൾ.<br>• ആയുർവേദ പ്രസവ പരിചരണ സൗകര്യം.<br>• വൈകല്യമുള്ള കുട്ടികളുടെ പരിപാലനത്തിനുള്ള സൗകര്യം.<br>• ഉദ്യോഗസ്ഥരായ സ്ത്രീകൾക്ക് ഹോസ്റ്റൽ സൗകര്യം.<br>• ആദിവാസി മേഖലയിൽ പ്രൈമറി സ്കൂളുകളിൽ അധ്യാപകരെ നിയമിക്കും.<br>• സംഘടിത മേഖലയിലല്ലാത്ത സ്ത്രീകൾക്ക് പ്രസവാനുകൂല്യം നൽകും.<br>• അവിവാഹിതരായ, ഉപേക്ഷിക്കപെട്ട, അമ്മമാർക്ക് "ശരണ്യ" സ്വയംതൊഴിൽ പദ്ധതി.<br>• ജനനി ജന്മ രക്ഷ പദ്ധതി.<br>• വിധവകൾക്കും ഉപേക്ഷിക്കപെട്ടവർക്കും ഭവനപദ്ധതി.<br>• സംസ്ഥാന സ്ത്രീവികസന കോർപ്പൊറേഷൻ മുഖേനയുള്ള പദ്ധതികൾ.<br>• വനിതാകമ്മീഷൻ മുഖേനയുള്ള പദ്ധതികൾ.<br>• ആശ്രിതർക്കായി "ആശാകിരണം" പദ്ധതി.<br>• അവിവാഹിതരായ അമ്മമാർക്കും കുട്ടികൾക്കും "സ്നേഹസ്പർശം" പദ്ധതി.<br>• അഗതികളായ സ്ത്രീകൾക്ക് "എന്റെ കൂട് " |

പദ്ധതി.

- നിർഭയ പദ്ധതി.
- ജി.ഐ.എസ് ഉപയോഗിച്ച് മാനന്തവാടിയിൽ സ്ത്രീകളെയും കുട്ടികളെയും കണ്ടെത്താനുള്ള പദ്ധതി.
- കൗമാരക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി "സബല" പദ്ധതി.
- നിർഭയ അംഗങ്ങൾക്കുവേണ്ടി എസ്.ഒ.എസ്. മോഡൽ വീടുകൾ നിർവഹിക്കും.
- വൈകല്യമുള്ള സ്ത്രീകൾക്കായി "സ്ത്രീശക്തി" പദ്ധതി.

<u>ചൈൽഡ് ബജറ്റ്</u>

- സൗജന്യ സ്കൂൾ യൂണിഫോം വിതരണം.
- ഓട്ടിസം പാർക്ക്.
- ഉച്ച ഭക്ഷണ പദ്ധതി.
- ബാലസാഹിത്യ സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട്.
- പൊതു ആരോഗ്യലബോറട്ടറികളിൽ ശിശുക്കളെ പരിചരിക്കാനുള്ള പദ്ധതി.
- "ആരോഗ്യ കിരണം "പദ്ധതി.
- ശിശു വികസന കേന്ദ്രം.
- ഐ.എസ്.എസ് കീഴിൽ ബാലമുകുളം സ്കൂൾ ആരോഗ്യ പദ്ധതി.
- എസ്.സി/എസ്.റ്റി വിഭാഗത്തിൽപെട്ട കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം .
- മാതൃക ബോർഡിങ് സ്കൂളുകൾ.( അയ്യങ്കാളി സ്പോർട്സ് സ്കൂൾ അടക്കം ).
- ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ.
- വാത്സല്യ നിധി.
- മിടുക്കരായ കുട്ടികൾക്ക് പ്രത്യേക ആനുകൂല്യം .
- അനാഥർക്ക് സഹായം.
- പെൺകുട്ടികൾക്കുവേണ്ടി ഗോത്ര വാത്സല്യ നിധി.
- കുട്ടികൾക്കുള്ള കാൻസർ സുരക്ഷാ പദ്ധതി
- താലോലം പദ്ധതി.

| | | |
|---|---|---|
| | | • കുട്ടികൾക്ക് ശ്രവണസഹായി.<br>• സ്നേഹപൂർവ്വം പദ്ധതി.<br>• കുട്ടികളുടെ അവകാശങ്ങൾ സംരക്ഷികാനുള്ള കമ്മീഷൻ .<br>• അട്ടപ്പാടി ശിശുകൾകായുള്ള ആദ്യ ആയിരംദിന പദ്ധതി.<br>• കൗമരായ പെൺകുട്ടികൾകായി "സബല" രാജീവ്ഗാന്ധി പദ്ധതി.<br>• കൗമരായ പെൺകുട്ടികൾകായി മാനസികവും സാമൂഹികവുമായ സഹായങ്ങൾ<br>• മൊബൈൽ ക്രഷ്.<br>• സംസ്ഥാന പോഷകാഹാര പദ്ധതി.<br>• സ്റ്റുഡന്റ് പൊലീസ് കേഡറ്റ്. |
| (സി) | വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനോടൊപ്പം അവരുടെ സുരക്ഷിതത്വത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം നൽകാമോ? | വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനോടൊപ്പം അവരുടെ സുരക്ഷിതത്വത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 നടപ്പിലാക്കുന്നതിനായി വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാർ, സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ എന്നിവ മുഖേന ഈ മേഖലയിലെ വനിതാ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തുന്നു.<br><br>2. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്ന നിയമം 2013 പ്രകാരം ലോക്കൽ ലെവൽ കമ്മിറ്റികൾ, വിവിധ വകുപ്പുകളുടെ ജില്ലാതല കമ്മിറ്റികൾ എന്നിവ രൂപീകരിക്കുന്നതിന് Sexual Harassment of Women at Workplace Act ന്റെ ജില്ലാ ആഫീസർ കൂടിയായ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. നോഡൽ വകുപ്പ് എന്ന നിലയിൽ സാമൂഹികക്ഷേമ വകുപ്പ് ഈ നിയമം നടപ്പിലാക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | 3. സ്ത്രീധന നിരോധന നിയമം 1961 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മൂന്ന് മേഖലാ ഡൗറി പ്രൊഹിബിഷൻ ആഫീസർമാർ മുഖേന അവബോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| | | | 4. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള പദ്ധതിയായ നിർഭയ പദ്ധതിയുടെ ഭാഗമായി പത്ത് ജില്ലകളിലായി 12 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ച് വരുന്നു. ഇതിനു പുറമെ 24 മണിക്കൂറും പ്രവർത്തിയ്ക്കുന്ന ടോൾ ഫ്രീ ഹെൽപ്പ് ലൈൻ (1800-425-1400) പ്രവർത്തിക്കുന്നുണ്ട്. |
| | | | 5. ജാഗ്രത സമിതികളുടെ ശാക്തീകരണത്തിനും അതിക്രമങ്ങളെ പ്രതിരോധിയ്ക്കുന്നതിനും പ്രാദേശിക സർക്കാർ തലത്തിൽ കർമ്മ പരിപാടികൾ തയ്യാറാക്കുന്നതിന് 'കില'യുമായി ചേർന്ന് 2017 ഏപ്രിൽ, മേയ് മാസങ്ങളിലായി വിപുലമായ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. |
| | | | 6. അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകളെ സംരക്ഷിക്കുന്നതിനും ആവശ്യമായ ശാരീരിക, മാനസിക, വൈദ്യസഹായം, കൗൺസിലിംഗ്, പോലീസ് സഹായം, നിയമോപദേശം, എമർജൻസി ഷെൽട്ടർ എന്നിവ ഉറപ്പ് വരുത്തുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനത്തെ ജില്ലാ/താലൂക്ക് ആശുപത്രികളിലായി 21 വൺ സ്റ്റോപ്പ് ക്രൈസിസ് സെന്ററുകൾ പ്രവർത്തിക്കുന്നു. |
| | | | 7. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികളിലേയ്ക്ക് ലിംഗ അവബോധ സന്ദേശം എത്തിക്കുന്നതിനും അവരെ ലിംഗ സമത്വ പ്രചരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് 2014-15, 2015-16, 2016-17 വർഷങ്ങളിൽ NSS ടെക്നിക്കൽ സെല്ലുമായി ചേർന്ന് കാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| | | | 8. 2017 ലെ വനിതാ ദിനാചരണത്തോടനുബന്ധിച്ച് തദ്ദേശ |

| | | |
|---|---|---|
| | | സ്വയംഭരണവകുപ്പ്, ആരോഗ്യവകുപ്പ്, കുടുംബശ്രീ എന്നിവയുമായി ചേർന്ന് സംസ്ഥാനമൊട്ടാകെ ഒരാഴ്ചത്തെ സ്ത്രീ ശാക്തീകരണ പ്രചരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. |
| | | 9. സ്ത്രീകൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ (മഹിള മന്ദിരം, ആശാഭവൻ (വിമൻ), റസ്ക്യൂഹോം, ആഫ്റ്റർ കെയർ ഹോം, ഷോർട്ട് സ്റ്റേ ഹോം) താമസക്കാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി വിവിധ പരിപാടികൾ നടത്തുന്നു. ഇതിന് പുറമേ കാലാനുസൃതമായ നൂതന പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നു. |
| | | 10. സാമൂഹ്യനീതി വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരെയും ജില്ലാ ഭരണകൂടത്തേയും സംയോജിപ്പിച്ച് എമർജൻസി റെസ്പോൺസ് ടീം രൂപീകരിക്കുന്നതിനും ലൈംഗിക അതിക്രമങ്ങൾ, ആസിഡ് അറ്റാക്ക്, മറ്റ് ഗുരുതര അതിക്രമങ്ങൾ എന്നിവയ്ക്ക് വിധേയരാകുന്നവർക്കായി ഒരു ഇമ്മീഡിയറ്റ് റിലീഫ് ഫണ്ട് രൂപീകരിക്കുന്നതിനും സാമൂഹികക്ഷേമ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. |
| | | |

അക്കൗണ്ട്സ് ഓഫീസർ